ഡയറക്ടറുടെ അധികാരത്തെക്കുറിച്ച് പരാമർശമുണ്ടായിരുന്നു. ഇത് നീക്കുന്നതിനുവേണ്ടി സർക്കാരിന്റെ അനുമതിയോടെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ബഹു. ഹൈക്കോടതിയിൽ ക്രിമിനൽ ഒ.പി. ഫയൽ ചെയ്യുകയുണ്ടായി. ഇതിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ വിജിലൻസ് മാന്വൽ ഖണ്ഡിക 72(1) പ്രകാരവും സി.ആർ.പി.സി. സെക്ഷൻ 158(2) പ്രകാരവും യഥാസമയം അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശങ്ങൾ നൽകാമെന്ന് ഉത്തരവായിട്ടുണ്ട്. കീഴ് കോടതിയുടെ പരാമർശം നീക്കിയിട്ടുണ്ട്.

(സി) ഇല്ല. 7,70,000 രൂപയാണ് നൽകേണ്ടത്.

വിജിലൻസ് കൈക്കൂലി

251 (3763) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കൈക്കൂലി നമ്പർ 4/085/TVM എന്ന വിജിലൻസ് കൈക്കൂലി ആരുടെയെല്ലാം പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്;

(ബി) പ്രസ്തുത കേസിലെ പ്രതികൾക്കെതിരെ ചുമത്തിയിരുന്ന കുറ്റാരോപണം എന്തെല്ലാമായിരുന്നു ;

(സി) അഴിമതി നിരോധന നിയമത്തിന്റെ ഏതു വകുപ്പുപ്രകാരമായിരുന്നു പ്രസ്തുത കൈക്രമിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരുന്നത്;

(ഡി) പ്രസ്തുത കേസിൽ പ്രതിചേർക്കപ്പെട്ടിരുന്ന ബാർഹോട്ടൽ ഉടമ ബിജുരമേശ് കേരള ഹൈക്കോടതിയിൽ ക്രിമിനൽ MC 1041/2008 ആയി ഒരു കേസ് ഫയൽ ചെയ്തിരുന്നുവോ; എങ്കിൽ അതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ; പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത കേസിലെ എതിർ കക്ഷികളായിരുന്ന ജില്ലാ കളക്ടർ, വിജിലൻസ് ഡയറക്ടർ എന്നിവർ കോടതിയിൽ ഹാജരായിട്ടുണ്ടോ ; എങ്കിൽ ഇവർ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത കൈക്രമിന്റെയും, ക്രിമിനൽ എം. സി.യുടേയും തുടർ നടപടികളും നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കുമോ ;

(ജി) നമ്പർ - 4/085/TVM എന്ന വിജിലൻസ് കൈക്രമിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ ആരായിരുന്നു ; പ്രസ്തുത കൈക്രമിന്റെ എഫ്.ഐ.ആർ., എഫ്. ഐ. സ്റ്റേറ്റ്മെന്റ്, സാക്ഷിമൊഴികളുടെ പകർപ്പ്, മറ്റ് അനുബന്ധ രേഖകൾ, അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 4/085/TVM എന്ന വിജിലൻസ് കേസ് തിരുവനന്തപുരം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിലെ ചീഫ് കൊമേഴ്സ്യൽ മാനേജരായിരുന്ന ശ്രീ. ആർ. പി. പിള്ള എന്ന വ്യക്തിക്കെതിരെയാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ബി) ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തുവെന്ന കുറ്റമാണ് ആരോപിച്ചിരിക്കുന്നത്.

(സി) സെക്ഷൻ 5(1) ഡി, ആർ/ഡബ്ല്യൂ. 5(2) പി.സി. ആക്ട് 1947 പ്രകാരമാണ് പ്രസ്തുത കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിരിക്കുന്നത്.

(ഡി) ടി കേസിൽ ശ്രീ. ബിജു രമേശിനെ പ്രതി ചേർത്തിട്ടില്ല.

(ഇ) ടി കേസിൽ ജില്ലാ കളക്ടർ, വിജിലൻസ് ഡയറക്ടർ എന്നിവർ കോടതിയിൽ ഹാജരായിട്ടില്ല.

(എഫ്&ജി) ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. കെ. ജെ. മാത്യു ആയിരുന്നു അന്വേഷണ ഉദ്യോഗസ്ഥൻ. പ്രസ്തുത കേസിലെ പ്രതി മരണപ്പെട്ടുപോയതിനാൽ 22-7-2009-ൽ ബഹുമാനപ്പെട്ട കോടതി ഈ കേസിന്റെ തുടർനടപടി അവസാനിപ്പിച്ചിട്ടുള്ളതാണ്.

വിജിലൻസ് അഴിമതി കേസ്

252 (3764) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 - 16 - ൽ അഴിമതിക്കെതിരെയുള്ള എത്ര വിജിലൻസ് കേസുകളാണ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുള്ളത്; ഇതിൽ എത്ര സംസ്ഥാന മന്ത്രിമാർ ഉൾപ്പെടുന്നു; അവർ ആരെല്ലാമാണ്;

(ബി) എത്ര ഉന്നത ഉദ്യോഗസ്ഥൻമാർ അന്വേഷണത്തെ നേരിടുന്നുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2015 വർഷത്തിൽ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് 345 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. ഇതിൽ നിലവിലെ സംസ്ഥാന മന്ത്രിമാരാരും ഉൾപ്പെടുന്നില്ല.

(ബി) 12 ഉന്നത ഉദ്യോഗസ്ഥൻമാർ നിലവിൽ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ട്.